**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2699** — **14-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി വിഹിതം കൃത്യമായി ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; കുടിശ്ശികയായി ലഭിക്കേണ്ടത് എത്ര രൂപയാണ്; വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് ഇതുവരെ ഐ.ജി.എസ്.ടി. ഇനത്തിൽ ലഭ്യമായ നികുതി വരുമാനം അനുബന്ധമായി ചേർക്കുന്നു.<br><br>2017-ലെ സംയോജിത ചരക്ക സേവന നികുതി നിയമം (Integrated Goods and Services Tax Act, 2017) അനുസരിച്ച്, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. ഐ.ജി.എസ്.ടി. ക്കു മാത്രമായി പ്രത്യേക റിട്ടേൺ ഫയൽ ചെയ്യേണ്ടതില്ല. നികുതി ദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിനു തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ട പ്രകാരം ഇത് നടക്കുന്നു. ഓരോ സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും, പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് അവയുടെ മുൻപ് അടച്ച നികുതിയുടെ ക്രെഡിറ്റ് എടുത്ത് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ സപ്ലൈയറുടെ സംസ്ഥാനത്ത് നിന്നും ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തേക്ക് സെറ്റിൽ ചെയ്യപ്പെടുന്നു.<br><br>ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. നികുതി ഒഴിവുള്ളവർക്ക് റിവേഴ്സലുകൾക്കായുള്ള 2022 ഒക്ടോബറിലെ സർക്കുലറിന് ശേഷം, സംസ്ഥാനത്തിന് മുൻകാലത്തെ അപേക്ഷിച്ച് ഐ.ജി.എസ്.ടി. പൂളിൽ |

| | | | |
|---|---|---|---|
| | | | നിന്ന് കൂടുതൽ നേട്ടമുണ്ടാകും. അതിനു വേണ്ട നടപടികൾ സംസ്ഥാനം വിഭാവനം ചെയ്തിട്ടുണ്ട്. ഇങ്ങനെ ഐ.ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കാൻ റിട്ടേൺ ഫയലിംഗ് കൃത്യമായി നടക്കുന്നതിനായി, നിരവധി ട്രേഡ് സർക്കുലറുകളും, നിർദ്ദേശങ്ങളും സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. (Trade Circular No. 6/2020 dated 16-06-2020, Trade Circular No. 1/2021 dated 30/01/2021, Trade Circular No. 1/2022 dated 21/11/2022).<br><br>ജി.എസ്.ടി. നിലവിൽ വന്നപ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയുണ്ടായിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. ജി.എസ്.ടി. കോമ്പൻസേഷൻ അടുത്ത 5 വർഷത്തേക്കുകൂടി തുടരണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിൽ മുമ്പാകെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അതിന് അനുകൂല തീരുമാനമൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.<br><br>2017-ലെ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമത്തിലെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലായ് മുതൽ 2022 ജൂൺ വരെയുള്ള നഷ്ടപരിഹാരതുകയായി 42,558.72 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**സംസ്ഥാനത്ത് ഇതുവരെ ഐ.ജി.എസ്.ടി. ഇനത്തിൽ ലഭ്യമായ നികുതി വരുമാനത്തിന്റെ വിവരം**

| ഇനം | ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് | ഐ.ജി.എസ്.ടി. അഡ്ഹോക്ക് | ആകെ തുക (കോടിയിൽ) * |
|---|---|---|---|
| 2017-18 (2017 ജൂലൈ മുതൽ) | 6064.97 | 736 | 6800.97 |
| 2018-19 | 10114.93 | 2734.36 | 12849.29 |
| 2019-20 | 9926.19 | 693.52 | 10619.71 |
| 2020-21 | 9343.07 | 1596.11 | 10939.18 |
| 2021-22 | 12440.48 | 1657.79 | 14098.27 |
| 2022-23 | 15855.55 | 1028.23 | 16883.78 |
| 2023-24 ആഗസ്റ്റ് വരെ | 7261.07 | 0 | 7261.07 |

*provisional

**സെക്ഷൻ ഓഫീസർ**